ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ നാലും റോഡുകളും പാലങ്ങളും വിഭാഗത്തിൽ പന്ത്രണ്ടും പാലങ്ങളിൽ നിന്ന് ടോൾ പിരിക്കുന്നുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) പാലത്തിന്റെ നിർമ്മാണ ചെലവും അതിന്റെ പലിശയും കിട്ടുന്നതുവരെ ടോൾ പിരിക്കും.

(ഡി) റോഡുകളും പാലങ്ങളും വിഭാഗത്തിലുള്ള എല്ലാ പാലങ്ങളിൽ നിന്നും ടോൾ പിരിക്കാൻ തുടങ്ങിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. നാഷണൽ ഹൈവേ വിഭാഗത്തിൽ വളപട്ടണം പാലം ഒഴികെയുള്ള മൂന്നു പാലങ്ങളിൽ നിന്നും ടോൾ പിരിവ് തുടങ്ങിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്.

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ എം. എൽ. എ.

റോഡുകൾ

125. [156] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ ടെണ്ടർ ചെയ്യാതെ മരാമത്ത് പണികൾ നേരിട്ട് കരാറുകാരെ ഏൽപ്പിച്ച് എം. എൽ. എ. റോഡുകൾ ഏതെങ്കിലുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകളുടെ പേരുകളും നിയോജക മണ്ഡലങ്ങളും വ്യക്തമാക്കാമോ ;

(സി) ഓരോ റോഡിനും എസ്റ്റിമേറ്റ് സംഖ്യയേക്കാൾ എത്ര ശതമാനം കൂട്ടിയാണ് കരാറുകാരന് നൽകിയത് ;

(ഡി) കരാറുകാരുടെ അല്ലെങ്കിൽ നോമിനിയുടെ പേര് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. (ബി, സി, ഡി) ഉദിക്കുന്നില്ല.

പമ്പാവാലിയിൽ നിന്നും ശബരിമലയ്ക്ക് നിർമ്മിക്കുന്ന റോഡ്

126. [169] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാവാലിയിൽ നിന്നും ശബരിമലയ്ക്ക് പൊതുമരാമത്ത് വകുപ്പു നിർമ്മിച്ചുവരുന്ന റോഡിന് ആകെ എത്രരൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇപ്പോൾ ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ എത്രയാണ് ചെലവാക്കാനുദ്ദേശിക്കുന്നത് ;

(സി) ഈ റോഡ് ടാറിട്ട് വാഹന ഗതാഗത യോഗ്യമാക്കാൻ എന്നു കഴിയും ?

ഉത്തരം

(എ) പമ്പാവാലി മുതൽ നിലയ്ക്കൽ വരെയുള്ള 10.14 കി. മീ. നീളമുള്ള റോഡിന് 114.93 ലക്ഷം രൂപയാണ് മതിപ്പു ചെലവ് കണക്കാക്കിയിട്ടുള്ളത്.

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly